നെല്ലുവിലയിൽ ഐകരൂപ്യം വരുത്തേണ്ട ആവശ്യം.

275. MR. N. P. VARGHESE : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

എ. കൃഷിക്കാരുടെ പക്കൽനിന്നും പറയ്ക്ക് 6 രൂപാ വില വച്ചു ഗവണ്മെൻറ് എടുത്ത നെല്ല് ഇപ്പോൾ 11 രൂപ വച്ചു കച്ചവടക്കാർ വിൽക്കുന്നതു് ഒരു പ്രത്യേക കരം കൃഷിക്കാരനോട്ട് ഈടാക്കുന്നതിന് തുല്യമാണെന്ന ബഹു: ഭക്ഷ്യവകുപ്പ് മന്ത്രിക്കറിയാമോ ?

ബി. മേൽപ്രകാരം വില വ്യത്യാസമുള്ളതു കരിഞ്ചന്ത വർദ്ധിക്കാൻ സൗകര്യം കൊടുക്കുകയാണെന്ന ബഹു. മന്ത്രിക്കറിയാമോ ?

സി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കരിഞ്ചന്ത ഇല്ലാതാക്കുന്നതിനും വാങ്ങുന്ന വിലയും വിൽക്കുന്ന വിലയും തമ്മിൽ ഐകരൂപ്യം വരുത്തേണ്ടതാവശ്യമാണെന്ന ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : എ. റേഷൻ അരിയും നെല്ലും ഉപഭോക്താക്കൾക്ക് ഒരേരീതിയിലുള്ള വിലയ്ക്ക് കിട്ടത്തക്ക നിലയിൽ വില്പന വില സമപ്പെടണമെന്നുള്ളതാണ്, നെല്ലിന്റെ വില്പനവില (ഗോഡൌണിൽ) പറയ്ക്ക് മൂന്നുരൂപായായി ക്രമപ്പെടുത്തിയതിൽ ഗവണ്മെൻറിന്റെ ഉദ്ദേശം. അല്ലാതെ കൃഷിക്കാരുടെ മേൽ ഒരു പ്രത്യേക കരം ചുമത്തണമെന്നല്ല.

ബി. അറിഞ്ഞുകൂടാ. ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന അന്തരാർത്ഥം ഗവണ്മെൻറ് അംഗീകരിക്കുന്നില്ല.

സി. ഉൽപാദകൻ തന്റെ നെല്ലിന് ന്യായമായ വില കിട്ടണമെന്നും ഉപഭോക്താവിനെ സംബന്ധിച്ചിടത്തോളം അരിയുടെയും നെല്ലിന്റെയും വില്പനവിലയിൽ വ്യത്യാസം ഉണ്ടായിരിക്കരുതെന്നും മാത്രമേ ഗവണ്മെൻറിനു് ആകാംക്ഷയുള്ളൂ.

സെറ്റിൽമെൻറ് പാട്ടം അളവു്.

276. MR. N. P. VARGHESE : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

എ. പാർവത്യകാർ നെല്ലു് അളന്നെടുക്കുമ്പോൾ ക്രമാതീതമായി പൊക്കി ഇടുന്നതുകൊണ്ടു് പറയ്ക്ക് രണ്ടുനാഴിവച്ചു കൃഷിക്കാരനും,

LIBRARY ARCHIVES Kerala Legislative Assembly